REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ആദ്യ ദിനം മുതൽ ഇഞ്ചോടിഞ്ച് പോരാട്ടം. കണ്ണൂർ, തൃശൂർ, കോഴിക്കോട് ജില്ലകൾ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.
- പുതിയ ഡിജിറ്റൽ വ്യക്തി വിവര സംരക്ഷണനിയമം 2025 ന്റെ കരടിൽ ഡാറ്റാ സംരക്ഷണത്തിനും, പൗരാവകാശ സുരക്ഷയ്ക്കും വ്യവസ്ഥകൾ ഉണ്ടെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.
- കണ്ണൂർ ആറളം ഫാമിലെ തൊഴിലാളികളുടെ കുടിശ്ശിക ശമ്പളവും, ആനുകൂല്യങ്ങളും കൊടുത്തു തീർക്കാൻ നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ നാല് ഇന്ന് സമാപിക്കും.
- ബോർഡർ ഗവാസ്കർ ട്രോഫി അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ 157 റൺസിന് പുറത്തായി.

## വാർത്തകൾ വിശദമായി

തിരുവനന്തപുരത്ത് 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിലെ രണ്ടാം ദിവസത്തെ മത്സരങ്ങൾ രാവിലെ ഒൻപതരയ്ക്ക് തുടങ്ങും. 60 ഓളം ഇനങ്ങൾ 25 വേദികളിൽ ഇന്ന് അരങ്ങേറും.

ആദ്യ ദിവസമായ ഇന്നലെ 58 മത്സരയിനങ്ങൾ പൂർത്തിയായപ്പോൾ 215 പോയിന്റുമായി കണ്ണൂർ ജില്ലയാണ് ഒന്നാം സ്ഥാനത്ത്. 214 പോയിന്റുമായി തൃശൂർ രണ്ടാമതും, 213 പോയിന്റുമായി കോഴിക്കോട്

മൂന്നാമതുമാണ്. ആതിഥേയരായ തിരുവനന്തപുരം ജില്ല 199 പോയിന്റുമായി ഏഴാം സ്ഥാനത്താണ്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട്.

.....(വോയ്സ്)............

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഇന്ന് 12,200 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. പൂർത്തീകരിച്ച പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി വിവിധ പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. ഡൽഹി-ഗാസിയാബാദ്-മീററ്റ് നമോ ഭാരത് ഇടനാഴി ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം നമോ ഭാരത് ട്രെയിനിലും യാത്ര ചെയ്യും. ഡൽഹി മെട്രോ നാലാം ഘട്ടത്തിലെ ജനക്പുരി- കൃഷ്ണ പാർക്ക് പാതയും മോദി ഉദ്ഘാടനം ചെയ്യും.

ന്യൂഡൽഹിയിലെ രോഹിണിയിൽ സെൻട്രൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടത്തിനും നരേന്ദ്രമോദി തറക്കല്ലിടും.

✪✪✪

പുതിയ ഡിജിറ്റൽ വ്യക്തി വിവര സംരക്ഷണനിയമം 2025 ന്റെ കരടിൽ പൗരന്മാരുടെ വിവരങ്ങൾ സംരക്ഷിക്കാനും, അവരുടെ അവകാശങ്ങൾ സുരക്ഷിതമാക്കാനും വ്യവസ്ഥകൾ ഉണ്ടെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. കരട് ചട്ടങ്ങളിൽ മൂന്ന് പ്രധാന വ്യവസ്ഥകൾ ഇതിനായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ആകാശവാണിക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ കേന്ദ്രമന്ത്രി അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്.

.............(വോയ്സ്).............

പൗരന്മാരുടെ സ്വകാര്യ ഡാറ്റ സംരക്ഷണം, കുട്ടികൾ ഡിജിറ്റൽ അപകട സാധ്യത നേരിടുന്നത് തടയുന്ന നടപടികൾ, പൗരന്മാരുടെ അവകാശങ്ങൾ എളുപ്പം വിനിയോഗിക്കാൻ പ്രാപ്തമാക്കുന്ന വ്യവസ്ഥകൾ എന്നിവ ഈ ലക്ഷ്യത്തോടയൊണെന്ന് അശ്വിനി വൈഷ്ണവ് വിശദീകരിച്ചു.

ഇവ പ്രായോഗികവും സന്തുലിതവുമാണ്. രാജ്യത്തിന്റെ പുതിയ കണ്ടെത്തലുകളുടെ സാഹചര്യത്തിനും പൗരന്മാരുടെ അവകാശ സംരക്ഷണവും ഒരേസമയം സാധ്യമാക്കാനാണ് ഗവണ്മെന്റ് ശ്രമിച്ചു വരുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ സാങ്കേതിക വിദ്യ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായക പങ്കാണ് വഹിക്കുന്നതെന്നും അശ്വിനി വൈഷ്ണവ് അഭിമുഖത്തിൽ എടുത്തുപറഞ്ഞു.

✪✪✪

ചൈനയിലെ വർദ്ധിച്ചുവരുന്ന ശ്വാസകോശ രോഗസാഹചര്യത്തിൽ രാജ്യത്ത് സ്വീകരിക്കേണ്ട നടപടികൾ ആരോഗ്യ മന്ത്രാലയം വിവിധ ഏജൻസികളുമായി ചർച്ച ചെയ്തു. ഹെൽത്ത് സർവീസ് ഡയറക്ടർ ജനറലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ലോകാരോഗ്യ സംഘടന ദുരന്ത നിവാരണസെൽ, സംയുക്ത രോഗനിരീക്ഷണ വിഭാഗം, ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ എന്നിവയിലെ ഉൾപ്പെടെ വിദഗ്ധർ പങ്കെടുത്തു.

ചൈനയിലെ സാഹചര്യം കൃത്യമായി നിരീക്ഷിച്ചു വരികയാണെന്നും, അസാധാരണമായ രോഗവ്യാപനം അവിടെയില്ലെന്നാണ് വിലയിരുത്തലെന്നും ആരോഗ്യമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഫ്ലൂ വൈറസുകൾ ഇന്ത്യയടക്കം ലോകത്ത് എല്ലായിടത്തും വ്യാപിച്ചിട്ടുണ്ടെന്നും, ശ്വാസകോശ രോഗബാധ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം രാജ്യത്ത് പ്രവർത്തിച്ചു വരുന്നുണ്ടെന്നും അറിയിപ്പിൽ പറയുന്നു. രാജ്യത്ത് ഇപ്പോൾ ശ്വാസകോശ രോഗബാധിതരുടെ എണ്ണത്തിൽ പതിവിലേറെ വർദ്ധന ഉണ്ടായിട്ടില്ലെന്ന് യോഗം വിലയിരുത്തി.

✪✪✪

അമേരിക്കൻ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവൻ രണ്ടു ദിവസത്തെ ഇന്ത്യാ സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്ത്യൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ എന്നിവരടക്കം പ്രമുഖരുമായി സള്ളിവൻ കൂടിക്കാഴ്ച നടത്തുമെന്ന് വൈറ്റ്ഹൗസ് അറിയിച്ചു. ബഹിരാകാശം, രാജ്യരക്ഷ, തന്ത്രപര സാങ്കേതിക സഹകരണം, ഇന്ത്യാ- പസഫിക് മേഖലയിലെ സുരക്ഷ തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.

✪✪✪

കണ്ണൂർ ആറളം ഫാമിംഗ് കോർപ്പറേഷൻ തൊഴിലാളികളുടെ കുടിശ്ശികയായ ശമ്പളവും, ആനുകൂല്യങ്ങളും കൊടുത്തു തീർക്കാൻ നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലാണ് തീരുമാനം.

ആകാശവാണി ജില്ലാപ്രതിനിധി K.O ശശിധരന്റെ റിപ്പോർട്ട്.

...............(വോയ്സ്).................

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ നാല് ഇന്ന് സമാപിക്കും. സമാപന ഘോഷയാത്ര വൈകിട്ട് ആരംഭിക്കും. പ്രധാന വേദിയായ മറീന ബീച്ചിൽ സമാപന സമ്മേളനം മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരങ്ങളായ ബേസിൽ ജോസഫ്, സൗബിൻ ഷാഹിർ എന്നിവർ ചടങ്ങിൽ വിശിഷ്ടാതിഥികളാകും.

✪✪✪

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ അന്തർദേശീയ നിലവാരത്തോടെ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ഒരുക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. തൃശൂർ അടാട്ട് ഗ്രാമ പഞ്ചായത്തിലെ ചൂരക്കാട്ടുക്കര ഗവ. UP സ്കൂളിൽ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കാസർകോട് ഉപ്പള ലയൺസ് ഹാളിൽ മഞ്ചേശ്വരം താലൂക്ക് 'കരുതലും കൈത്താങ്ങും' അദാലത്ത് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. പുതുതായി സ്വീകരിക്കുന്ന പരാതികളിൽ 15 ദിവസത്തിനകം നടപടി പൂർത്തിയാക്കി അപേക്ഷകരെ വിവരം അറിയിക്കുമെന്ന് മന്ത്രി പറഞ്ഞു. മന്ത്രി V അബ്ദുറഹിമാൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു.

✪✪✪

സിഡ്നിയിൽ ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് 157 റൺസിന്

അവസാനിച്ചു. തുടർന്ന് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച ഓസ്ട്രേലിയ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ മൂന്ന് വിക്കറ്റിന് 62 റൺസെടുത്തിട്ടുണ്ട്.

ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 185 റൺസെടുത്തിരുന്നു. ഓസ്ട്രേലിയ ആദ്യ ഇന്നിംങ്സിൽ 181 റൺസിന് പുറത്തായി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, പഞ്ചാബ് FC യെ നേരിടും. വൈകീട്ട് 7.30 ന് ഡൽഹിയിലാണ് മത്സരം.

ഇന്നലെ ഭുവനേശ്വറിൽ FC ഗോവ, ഒഡീഷ FC യെ രണ്ടിനെതിരെ നാല് ഗോളിന് തോൽപ്പിച്ചു. ജംഷഡ്പൂരിൽ ബംഗലൂരു FC യെ, ജംഷഡ്പൂർ FC, ഒന്നിനെതിരെ രണ്ടു ഗോളിനും പരാജയപ്പെടുത്തി.

✪✪✪

തലശ്ശേരിയിലെ പൈതൃക ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഹെറിറ്റേജ് റൺ സീസൺ-4 രാവിലെ തുടക്കമായി. 21 കിലോമീറ്റർ മിനി മാരത്തൺ ആയി നടത്തുന്ന മത്സരം രാവിലെ ഒൻപതരയോടെ സമാപിക്കും. വിദേശ കായിക താരങ്ങൾ ഉൾപെടെ 1,500 ലധികം അത്-ലറ്റുകൾ പങ്കെടുക്കുന്നുണ്ട് . ആദ്യം ഫിനിഷ് ചെയ്യുന്ന സ്ത്രീ, പുരുഷ ജേതാക്കൾക്ക് ഒരു ലക്ഷം രൂപ വീതവും, രണ്ടാമത് ഫിനിഷ് ചെയ്യുന്നവർക്ക് 50,000 രൂപ വീതവും, മൂന്നാമത് ഫിനിഷ് ചെയ്യുന്നവർകക് 25,000 രൂപ വീതവുമാണ് സമ്മാനം.

✪✪✪

സംസ്ഥാന യുവജന കമ്മീഷൻ കണ്ണൂരിൽ സംഘടിപ്പിച്ച സംസ്ഥാനതല ചെസ്സ് മത്സരത്തിൽ തൃശ്ശൂർ പൂച്ചുണ്ണിപാടം സ്വദേശി K.B അനൂപ് ജേതാവായി. കാസർകോട്ടെ P.ജയകൃഷ്ണൻ രണ്ടാം സ്ഥാനവും, കണ്ണൂരിലെ P.S-സോനുമോൻ മൂന്നാം സ്ഥാനവും നേടി.

ഈ മാസം 15 ന് തിരുവനന്തപുരത്ത് സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

കൊല്ലം ചടയമംഗലത്ത് ശബരിമല തീർത്ഥാടകർ സഞ്ചരിച്ച കാറും, ടൂറിസ്റ്റ് ബസ്സും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. രണ്ടു കുട്ടികളടക്കം മൂന്ന് പേർ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. കന്യാകുമാരി സ്വദേശികളായ ശരവണൻ, ഷണ്മുഖൻ എന്നിവരാണ് മരിച്ചത്. അർദ്ധരാത്രിയോടെയായിരുന്നു അപകടം.

✪✪✪

മലപ്പുറം നിലമ്പൂർ കരുളായി മാഞ്ചീരിയിൽ കാട്ടാന ആക്രമണത്തിൽ ആദിവാസി യുവാവ് മരിച്ചു. പൂച്ചപ്പാറ കോളനിയിലെ മണിയെന്ന 35 കാരനാണ് ഇന്നലെ രാത്രി കാട്ടാന ആക്രമണത്തിൽ മരിച്ചത്. മൃതദേഹം നിലമ്പൂർ ജില്ലാആശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ട്.

✪✪✪

സനാതന ധർമ്മത്തെ അവഹേളിക്കുന്നതിൽ നിന്ന് മുഖ്യമന്ത്രി പിന്തിരിയണമെന്ന് മുൻ കേന്ദ്രമന്ത്രിയും BJP നേതാവുമായ V മുരളീധരൻ ആവശ്യപ്പെട്ടു. ശബരിമലയിൽ ആചാര ലംഘനത്തിന് കൂട്ടുനിന്ന മാനസികാവസ്ഥയാണ് ഇടതു ഗവൺമെന്റ് ഇപ്പോഴും വെച്ചുപുലർത്തുന്നതെന്ന് അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

---

*News Editor : വി.കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: അനുഷ ആത്മപ്രകാശ്*
*DEO:ഷീബ*